## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5963** **25-03-2025 - ൽ മറുപടിയ്ക്ക്**

## നിക്ഷേപ ഗ്യാരണ്ടി ഫണ്ട് ബോർഡിന്റെ കോർപ്പസ് ഫണ്ട്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | നിക്ഷേപ ഗ്യാരണ്ടി ഫണ്ട് ബോർഡിന്റെ കോർപ്പസ് ഫണ്ട് നിലവിലെ മാനദണ്ഡം പ്രകാരം എന്തെല്ലാം ആവശ്യങ്ങൾക്കാണ് ഉപയോഗിക്കുന്നത്; വിശദമാക്കാമോ; | (എ) | സർക്കാരിന്റെ 22.09.2018 ലെ G.O(P) No.116/2018/Co-op നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന നിക്ഷേപ ഗ്യാരന്റി സ്കീം 2018, പ്രകാരം ഏതെങ്കിലും കാരണവശാൽ ലിക്വിഡേറ്റ് ചെയ്യപ്പെടുകയോ, അടച്ചുപൂട്ടുകയോ ചെയ്യുന്നതും ബോർഡിൽ അംഗത്വം ഉള്ളതുമായ സഹകരണ സംഘങ്ങളിലെ 2,00,000/- രൂപ വരെ നിക്ഷേപങ്ങൾ തിരിച്ചുനൽകുന്നതിന് വേണ്ടി കോർപ്പസ് ഫണ്ടിൽ നിന്നും തുക വിനിയോഗിക്കാം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 06.07.2023ലെ G.O(P) No.161/2023/Co-op നമ്പർ ഉത്തരവ് പ്രകാരം ടി തുകയുടെ പരിധി 2,00,000/- രൂപയിൽ നിന്നും 5,00,000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രതിസന്ധിയിലായ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനത്തിന് കോർപ്പസ് ഫണ്ടിൽ നിന്ന് സഹായം നൽകിവരുന്നുണ്ടോ; വ്യക്തമാക്കാമോ? | (ബി) | സമാപ്തീകരണ നടപടികളിലുള്ള സഹകരണ സംഘങ്ങൾ/ നിർജ്ജീവാവസ്ഥയിലുള്ള സഹകരണ സംഘങ്ങൾ എന്നിവ ഒഴികെയുള്ള ഗ്യാരന്റീഡ് സംഘങ്ങൾക്ക് നിക്ഷേപകർക്ക് പണം നൽകുന്നതിന് നിബന്ധനകൾക്ക് വിധേയമായി ടി സംഘങ്ങൾക്ക് ബോർഡിൽ നിന്ന് ധനസഹായം/ വായ്പ നൽകുന്നതിന് വ്യവസ്ഥയുണ്ട്. |

സെക്ഷൻ ഓഫീസർ